15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2019 — 21-06-2024 - ൽ മറുപടിയ്ക്ക്

പതിനാലാം പഞ്ചവത്സര പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നടപ്പിലാക്കി വരുന്നു |
| (ബി) | എങ്കിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകൾ ചുവടെ ചേർക്കുന്നു.<br><br>• പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിൽ ആർജ്ജിച്ച കരുത്ത് കൂടുതൽ ബലപ്പെടുത്തുക.<br>• മാനവശേഷിയുടെ കരുത്തിലൂന്നി ഒരു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്ഘടനയിലെ ഉൽപാദനശക്തികളുടെ വളർച്ച ദ്രുതഗതിയിലാക്കുകയും ചെയ്യുക.<br>• വിവരസാങ്കേതിതവിദ്യ, വിനോദസഞ്ചാരം, ചെറുകിടവ്യാപാരം എന്നിവയടങ്ങുന്ന വരുമാനദായകസേവനങ്ങൾ, കൃഷിയും അനുബന്ധപ്രവർത്തനങ്ങളും, ആധുനിക വ്യവസായം, പശ്ചാത്തലസൗകര്യ വികസനം എന്നിവയുടെ വളർച്ച മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക നിപുണതകൾ എന്നിവ ഉപയോഗപ്പെടുത്തുക.<br>• ആധുനികവും ഉയർന്ന തൊഴിൽ സാധ്യതയുള്ളതും ഉൽപാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക.<br>• ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.<br>• യുവതലമുറയ്ക്ക് ആധുനിക സമ്പദ്ഘടനയിലെ ഏറ്റവും മികച്ച തൊഴിൽ നൽകുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, |

| | | | |
|---|---|---|---|
| | | | വളർച്ചയുടെ ചാലകശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക.<br>• എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന നയം പ്രോത്സാഹിപ്പിക്കുക. |
| (സി) | പ്രസ്തുത മേഖലകളുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും വകയിരുത്താൻ ഉദ്ദേശിക്കുന്ന തുക എത്രയാണെന്നും അറിയിക്കാമോ? | (സി) | പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്ന മേഖലകളുടെ അടിസ്ഥാനത്തിലാണ് വാർഷികപദ്ധതി രൂപീകരിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിന് തുക അതതു സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തുന്നതാണ് . |

സെക്ഷൻ ഓഫീസർ